"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൽ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിൽ അന്തേവാസിയായിരുന്ന ശ്രീ.അജ്മൽ ഖാനു ടിയാന്റെ ബി.എസ്.സി (എം.എൽ.റ്റി) കോഴ്സിന്റെ 4-ാം അക്കാദമിക വർഷത്തെ വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt)No.81/2026/SJD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 24.04.2013-ലെ സ. ഉ. (എം.എസ്.) നമ്പർ. 32/2013/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
2. ഇടുക്കി ജില്ലയിലെ പൈനാവ് സ്വദേശിയായ ശ്രീ.അജ്മൽ ഖാന്റെ 18.02.2025, 27.08.2025 എന്നീ തീയതികളിലെ അപേക്ഷകൾ
3. കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 29.01.2025, 28.03.2025, 19.06.2025 16.01.2026 എന്നീ തീയതിയിലെ എസ്.ജെ.ഡി/315/2025-ഒ.സി.ബി.-1 നമ്പർ കത്തുകൾ.
4. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൽ ഇസ്ലാം യത്തീംഖാന ആന്റ് അഗതി മന്ദിരം ചാരിറ്റബിൾ ട്രസ്റ്റിന്റെ ജനറൽ സെക്രട്ടറിയുടെ 22.02.2025-ലെ 54/2025 നമ്പർ കത്ത്.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.09.2025-ലെ എസ്.ജെ.ഡി/186/2025-ജി.2. നമ്പർ കത്ത്
6. 03.01.2026-ലെ സ. ഉ. (സാധാ) നമ്പർ. 4/2026/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.

**ഉത്തരവ്**

അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി രൂപീകരിച്ച് കൊണ്ട് പരാമർശം-1 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൽ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിൽ അന്തേവാസിയായിരുന്ന ഇടുക്കി ജില്ലയിലെ പൈനാവ് സ്വദേശിയായ ശ്രീ.അജ്മൽ ഖാനു ടിയാന്റെ ബി.എസ്.സി (എം.എൽ.റ്റി) കോഴ്സിന്റെ 1-ാമത്തെ അക്കാദമിക

വർഷത്തെ പഠനാർത്ഥം സർക്കാർ ധനസഹായം ലഭിച്ചിരുന്നുവെന്നും എന്നാൽ ടിയാന്റെ പ്രസ്തുത കോഴ്സിന്റെ 2, 3, 4 എന്നീ അക്കാദമിക വർഷങ്ങളിലെ പഠനാർത്ഥമുള്ള ധനസഹായം ലഭിച്ചിട്ടില്ലെന്നും ആയത് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീ.അജ്മൽ ഖാൻ പരാമർശം-2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. തുടർന്ന് ശ്രീ.അജ്മൽ ഖാൻ ബി.എസ്.സി (എം.എൽ.റ്റി) ചെയ്തിരുന്ന 2019-2023 കാലഘട്ടത്തിൽ ഉൾപ്പെടുന്ന 2022 വരെ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ടായിരുന്നതിനാൽ ടിയാന്റെ 2, 3 അക്കാദമിക വർഷങ്ങളിലെ വിദ്യാഭ്യാസ ധനസഹായമായ 2,42,555/-രൂപ 2025-2026 സാമ്പത്തിക വർഷത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 2235-02-104-89-00-36-00-നോൺ പ്ലാൻ- Orphanage Control Board - Non salary ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 6-പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിനുള്ള കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ (ഒ.സി.ബി) അംഗീകാരം പുതുക്കി കിട്ടുന്നതിലേക്കായി അപേക്ഷ സമർപ്പിക്കുന്നതിലേക്കായി അനുബന്ധ രേഖകൾ കിട്ടുന്നതിന് മുവാറ്റുപുഴ മുനിസിപ്പാലിറ്റിയെ സമീപിക്കുകയും എന്നാൽ അതിൽ ചില സാങ്കേതിക തടസം മൂലം വൈകുകയും, കൂടാതെ 2018, 2019 എന്നീ വർഷങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ സ്ഥാപനത്തിൽ ഉള്ള സകല റെക്കോർഡുകളും നശിക്കുകയും അതിനാൽ അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട ഓഡിറ്റ് റിപ്പോർട്ടുകൾ കിട്ടുവാൻ താമസം നേരിട്ടതിനാലും പ്രസ്തുത സ്ഥാപനത്തിനുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ കാലതാമസം നേരിടുകയുണ്ടായിയെന്ന് പരാമർശം 4-പ്രകാരം എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൾ ഇസ്ലാം യത്തീംഖാന ആന്റ് അഗതി മന്ദിരം ചാരിറ്റബിൾ ട്രസ്റ്റിന്റെ ജനറൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിന് 18.04.2018 മുതൽ 4 വർഷത്തേയ്ക്കും (17.04.2022 വരെ), 21.11.2024 മുതൽ 20.11.2028 വരെയുമുള്ള കാലയളവിലേയ്ക്കും കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം നൽകിയിരുന്നുവെങ്കിലും, പ്രസ്തുത സ്ഥാപനം യഥാസമയം അംഗീകാരം പുതുക്കുന്നതിന് ടി ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കാത്തതിനാലാണ് പ്രസ്തുത സ്ഥാപനത്തിന് 18.04.2022 മുതൽ 19.11.2024 വരെയുള്ള കാലയളവിലേയ്ക്ക് അംഗീകാരം നൽകാതിരുന്നതെന്ന് പ്രസ്തുത ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം 3-പ്രകാരം (16.01.2026-ൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ മൂവാറ്റുപ്പുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിലെ അന്തേവാസിയായിരുന്ന ശ്രീ.അജ്മൽ ഖാൻ ബി.എസ്.സി എം.എൽ.റ്റി ചെയ്തിരുന്ന 2019-2023 കാലഘട്ടത്തിൽ ഉൾപ്പെടുന്ന 2022 വരെ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ടായിരുന്നതിനാൽ ടിയാന്റെ 2, 3 അക്കാദമിക വർഷങ്ങളിലെ വിദ്യാഭ്യാസ ധനസഹായമായ 2,42,555/-രൂപ 2025-2026 സാമ്പത്തിക വർഷത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 2235-02-104-89-00-36-00-നോൺ പ്ലാൻ- Orphanage Control Board - Non salary ശീർഷകത്തിൽ നിന്നും പരാമർശം 6-പ്രകാരം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാന്റെ 4-ാം അക്കാദമിക വർഷത്തേയ്ക്കുള്ള വിദ്യാഭ്യാസ ധനസഹായം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കൊണ്ട് 2025-2026 സാമ്പത്തിക വർഷത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 2235-02-104-

89-00-36-00-നോൺ പ്ലാൻ- Orphanage Control Board - Non salary ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr ADEELA ABDULLA I A S
SPECIAL SECRETARY

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ് ), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (01.03.2026-ലെ 3162304/ഡബ്ല്യൂ.ഡബ്ല്യൂ-ഡബ്ല്യൂ.ഡബ്ല്യൂ 2/85/2025-ധന പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Vipin S D**
**Date: 14-03-2026 11:00:19**
സെക്ഷൻ ഓഫീസർ